**കേരള സർക്കാർ**

സംഗ്രഹം
തദ്ദേശസ്വയംഭരണ വകുപ്പ് - ഉറവിട മാലിന്യ സംസ്കരണ പദ്ധതി - വീടുകളിൽ പി.വി.സി പൈപ്പുകൾ സ്ഥാപിച്ച് മാലിന്യസംസ്കരണം നടത്തുന്നതിന് സന്നദ്ധ സംഘടനകളെയും സ്ഥാപനങ്ങളെയും നിർവ്വഹണചുമതല ഏൽപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്
സ.ഉ (സാധ) നമ്പർ 3175/2012/തസ്വഭവ തീയതി, തിരുവനന്തപുരം 19.11.2012

===========================================================================

പരാമർശം: 1) സ.ഉ.(സാധ) നം. 465/12/തസ്വഭവ തീയതി 14.02.2012.
2) സ.ഉ.(എം.എസ്) നം. 239/12/തസ്വഭവ തീയതി 20.9.2012.
3) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01/10/2012ലെ എസ്.എം /സി2/275/2008(i) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭാ പ്രദേശത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഉറവിട മാലിന്യ സംസ്കരണരീതിയായ 'പൈപ്പ് കമ്പോസ്ററ് സംവിധാനം' സ്ഥാപിക്കുന്ന പ്രവൃത്തി, അക്രഡിറ്റഡ് ഏജൻസികൾക്കും, അംഗീകൃത സേവനദാതാക്കൾക്കും പുറമേ താൽപര്യമുള്ള കുടുംബശ്രീ ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളും സ്ഥാപനങ്ങൾ മുഖേനയും ടി പ്രവൃത്തിക്ക് അനുവർത്തിക്കേണ്ട സ്പെസിഫിക്കേഷനിലും, അംഗീകരിച്ച നിരക്കിലും നിർവ്വഹണം നടത്തുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു.

ഉറവിട മാലിന്യസംസ്കരണത്തിലുൾപ്പെട്ട 'പൈപ്പ് കമ്പോസ്ററിംഗ്' പ്രവൃത്തി സങ്കീർണ്ണത ഇല്ലാത്ത സാങ്കേതികവിദ്യ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മാലിന്യസംസ്കരണ സംവിധാനമാകയാൽ റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, മറ്റ് ഇതര സംഘടനകൾ എന്നിവർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഹെൽത്ത് വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതുകൊണ്ട് അപാകതയില്ലെന്നും, ഇപ്രകാരം അനുമതി നൽകണമെന്ന് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെടുന്നുണ്ടെന്നും, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഉറവിട മാലിന്യസംസ്കരണത്തിൽ ഉൾപ്പെട്ട 'പൈപ്പ് കമ്പോസ്ററിംഗ്' സംവിധാനം വീടുകളിൽ സ്ഥാപിക്കുന്നതിന് റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ക്ലബുകൾ, മറ്റിതര സ്ഥാപനങ്ങൾ എന്നിവരേയും കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, ശുചിത്വമിഷനോ വഴി തെരഞ്ഞെടുക്കുവാനും, അവരേക്കൂടി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾക്കും, സേവനദാതാക്കൾക്കുമൊപ്പം 'പൈപ്പ് കമ്പോസ്ററിംഗ്' യൂണിറ്റ് സ്ഥാപിക്കുവാനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
റ്റി.ജെ.മാത്യു,
സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), Kerala,Thiruvananthapuram.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തസ്വഭവ സെക്രട്ടറിയുടെ പി.എ-ക്ക്.
തസ്വഭവ അഡി. സെക്രട്ടറിയുടെ സി.എ-ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ